DESPATCHED
On. 27/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 475*(2)/2020*/*എസ്.ഐ.സി*.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **4102/*എസ്.ഐ.സി-ജി 6/20*)**

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ഉമ്മർ ഏറാമല,**
**പുളിഞ്ഞോളി ഹൗസ്, പോസ്റ്റ് ഏറാമല,**
**ഓർക്കാട്ടേരി – 673 501.**
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**കേരള സ്റ്റേറ്റ് വഖഫ് ബോർഡ്,**
**മുഖ്യ കാര്യാലയം,**
**വി.ഐ.പി.റോഡ്, കലൂർ,**
**കൊച്ചി – 682 017.**

2. **അപ്പീൽ അധികാരി&**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,**
**കേരള സ്റ്റേറ്റ് വഖഫ് ബോർഡ്,**
**വി.ഐ.പി.റോഡ്, കലൂർ,**
**ഹെഡാഫീസ്, എറണാകുളം – 682 017**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.11. 2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.12. 2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09.01.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11.03. 2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 11. 03.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 13.03. 2020 |
| ഹിയറിംഗ് നടന്ന തീയതി | 19.01.2023, വീഡിയോ കോൺഫറൻസിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 21.11.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, നടക്കാവ് എം.ഇ.എസ്. കോളേജ് പ്രവർത്തിക്കുന്ന കോഴിക്കോട്ടെ പുതിയ പൊൻമാണിച്ചീന്റകം വഖഫിന് അവകാശപ്പെട്ട വഖഫ് സ്ഥലം കൈയ്യേറിയതുമായും, വഖഫ് സ്ഥാപനത്തിന് വലിയ നഷ്ടമുണ്ടാക്കിയെന്നും കാണിച്ച് കയ്യേറ്റക്കാരായ എം.ഇ.എസ്. പ്രസിഡന്റ് ഡോ.പി.എ.ഫസൽ ഗഫൂർ, ജന.സെക്രട്ടറി പി.ജെ. ലബ്ബ, നടക്കാവ് എം.ഇ.എസ്. ഫാത്തിമാ ഗഫൂർ മെമ്മോറിയൽ വിമൻസ് കോളേജ് പ്രിൻസിപ്പൽ എന്നിവർക്കെതിരെ വഖഫ് ബോർഡ് നൽകിയ കേസുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നാണ്.

ആയതിന് 12.12.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ധാരാളം വിവരങ്ങളും രേഖകളും ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും വിവരാവകാശ നിയമം 7(9) വകുപ്പു പ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ ഓഫീസിന്റെ നിവൃത്തി മാർഗ്ഗങ്ങളെ വ്യതിചലിപ്പിക്കുന്നില്ലായെങ്കിൽ മാത്രം വിവരം ലഭ്യമാക്കിയാൽ മതിയെന്ന് വ്യക്തമാക്കുന്നുണ്ടെന്നാണ്. ടിയാൻ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക ജീവനക്കാരെ നിയമിക്കേണ്ടതായി വരുന്നത് മൂലം ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാൽ വിവരാവകാശ നിയമം 2(ജെ) വകുപ്പു പ്രകാരം ടി ഓഫീസിൽ മുൻകൂട്ടി അറിയിച്ചു നേരിട്ട് ഹാജരായി ഫയലുകൾ പരിശോധിച്ചു ബോധ്യപ്പെടാവുന്നതാണെന്നും കൂടാതെ നിയമാനുസൃത ഫീസൊടുക്കി ലഭ്യമായ വിവരങ്ങളും രേഖകളും ശേഖരിക്കാവുന്നതാണെന്നുമാണ്.

3. ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 11.03.2020ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാ

രന്റെ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭ്യമായിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി നൽകാൻ ഉത്തരവാകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും ടി വിഷയം സംബന്ധിച്ച് എതിർകക്ഷിയുടെ ഫയൽ പരിശോധിച്ചതിൽ, ടിയാന് ആവശ്യമുള്ള വിവരങ്ങൾ ഓഫീസിൽ നേരിട്ടു ഹാജരായി ഫയലുകൾ പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്നുള്ള വിവരം ടിയാനെ സമയബന്ധിതമായി അറിയിച്ചിട്ടുണ്ടെന്ന് അപ്പീൽ അധികാരിയ്ക്ക് ബോധ്യപ്പെട്ടുവെന്നാണ്.

ഒന്നാം അപ്പീലും വിവരാവകാശ അപേക്ഷയും എതിർകക്ഷിയുടെ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ എതിർകക്ഷി മനപ്പൂർവ്വം വിവരങ്ങൾ നിഷേധിച്ചിട്ടില്ലെന്ന് ബോധ്യം വന്നിട്ടുള്ളതാണെന്നും വിവരാവകാശ നിയമത്തിലെ 7(9) വകുപ്പു പ്രകാരം ടിയാൻ ആവശ്യപ്പെടുന്ന വിവരം ഓഫീസിലെ നിവൃത്തി മാർഗ്ഗങ്ങളെ അനുയോജ്യമല്ലാത്ത വിധം ബാധിക്കുകയാണെങ്കിൽ വിവരം ലഭ്യമാക്കേണ്ടതില്ലെന്ന് വ്യക്തമാക്കുന്നുണ്ടെന്നും ആയതിനാൽ ടിയാന് ആവശ്യമുള്ള പക്ഷം വിവരാവകാശ നിയമത്തിലെ 2(ജെ) വകുപ്പു പ്രകാരം എതിർകക്ഷിയുമായി മുൻകൂട്ടി ആലോചിച്ച് ദിവസവും സമയവും നിശ്ചയിച്ച് ഓഫീസിൽ ഹാജരായി ആവശ്യമുള്ള എല്ലാ വിവരങ്ങളും ഫയലുകൾ പരിശോധിച്ച് ലഭ്യമാക്കാവുന്നതാണെന്നുമാണ്. അപ്രകാരം ഹർജിക്കാരൻ ഹാജരാകുന്ന പക്ഷം എതിർകക്ഷി ഫയൽ പരിശോധിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടതാണെന്നും ഫയൽ പരിശോധനയുടെ ആദ്യത്തെ ഒരു മണിക്കൂർ സൗജന്യവും തുടർന്ന് വരുന്ന ഓരോ 30 മിനിറ്റിനും 10 രൂപാ വീതവും ഹർജിക്കാരൻ എതിർകക്ഷിയുടെ ഓഫീസിൽ അടയ്ക്കേണ്ടതാണെന്നും ഇപ്രകാരം അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും

അനുബന്ധ രേഖകളും പരിശോധിച്ചതിൽ,ഹർജിക്കാരന് നൽകിയ മറുപടി യിൽ ഓഫീസിൽ ഹാജരായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും കാണുന്നു. ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതുപ്രകാരം 25.01.2023ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 09.01.2020-ാം തീയതിയിലെ അപ്പീൽ അപേക്ഷയിന്മേൽ 19.01.2023ന് നടന്ന ഹീയറിംഗിൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ 95 പേജുകളുണ്ടെന്നും ആവശ്യമായ രേഖകൾ പരിശോധിച്ച് എടുക്കുന്നതിനായാണ് ഫയലുകൾ പരിശോധിക്കുന്നതിന് ഹാജരാകുന്നതിന് അറിയിച്ചിട്ടുള്ളതെന്നും ആയത് നൽകുന്നതിന് തയ്യാറാ ണെന്നുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 04-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി(ധനകാര്യം)

Ge/